Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/ 2023/ 1671 (3) | തീയതി : 17.02.2023

## സർക്കുലർ

വിഷയം:- **കൈറ്റ് – ഹൈടെക് ലാബ് പദ്ധതി – പ്രൈമറി സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.ടി അനുബന്ധ ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ – പുതുക്കൽ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും കൈറ്റുമായി ഒപ്പുവച്ച ധാരണാപത്രം.

സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതി പ്രകാരം 11273 സർക്കാർ, എയിഡഡ് പ്രൈമറി സ്കൂളുകൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിതരണം ചെയ്ത ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ, മൾട്ടിമീഡിയ പ്രൊജക്ടർ, യു.എസ്.ബി സ്പീക്കർ, എന്നീ ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ പുതുക്കിയിട്ടുണ്ട്. സ്കൂളുകളിലെ ടി ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതുസംബന്ധിച്ച താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് ഹൈടെക് ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകുന്നത്. പ്രസ്തുത ഉപകരണങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും സ്കൂളുകളിൽ പ്രത്യേക സംവിധാനം ഒരുക്കേണ്ടതാണ്.

2. ഐടി ഉപകരണങ്ങൾക്ക് 29.01.2023 മുതൽ 28.01.2024 വരെ ഇൻഷുറൻസ് പരിരക്ഷ കൈറ്റ് പുതുക്കിയിട്ടുണ്ട്. അതിനാൽ തീപിടുത്തം, മോഷണം, കവർച്ച, പ്രകൃതിക്ഷോഭം (വെള്ളപ്പൊക്കം, ഭൂചലനം മുതലായവ) എന്നിവമൂലം നാശനഷ്ടം സംഭവിച്ചാൽ പ്രസ്തുത വിവരം സ്കൂൾ സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനോടൊപ്പം ഇൻഷുറൻസ് കമ്പനിയേയും ഉടൻതന്നെ ടെലിഫോൺമുഖേന അറിയിക്കേണ്ടതാണ് (ഫോൺ : 0470-2622236, 2627620, ഇ-മെയിൽ 100402@uiic.co.in)

3. ഇൻഷുറൻസ് ലഭിക്കുന്നതിന് Fire & Allied Perils, Robbery including Theft എന്നീ വിഭാഗങ്ങളിൽ ഏതിലാണോ നഷ്ടം സംഭവിച്ചത് ആയതുമായി ബന്ധപ്പെട്ട ക്ലെയിം ഫോം (www.kite.kerala.gov.in ൽ notification ൽ ലഭ്യമാണ്) പൂരിപ്പിച്ച് പോലീസ് സ്റ്റേഷനിൽ നിന്നുള്ള എഫ്.ഐ.ആർ സഹിതം ഇൻഷുറൻസ് കമ്പനിയിലേയ്ക്ക് (100402@uiic.co.in) കൈറ്റ് സ്റ്റേറ്റ് ഓഫീസിലേയ്ക്കും (insurance@kite.kerala.gov.in) ഇ-മെയിൽ മുഖാന്തിരം സംഭവം നടന്ന 14 ദിവസത്തിനകം സ്കൂൾ അധികൃതർ അറിയിക്കേണ്ടതാണ്. കൃത്യം നടന്ന് 14 ദിവസത്തിനകം ഇൻഷുറൻസ് കമ്പനിയെ അറിയിക്കാത്തപക്ഷം ഇൻഷുറൻസ് ക്ലെയിം നിരസിക്കാൻ സാധ്യത ഉണ്ട്. കൂടാതെ ഒറിജിനൽ രേഖകൾ United India Insurance Company Ltd., Ash-Har Complex, Near Municipal Bus Stand, Attingal, Thiruvananthapuram-695010 എന്ന വിലാസത്തിലേയ്ക്ക് തപാലിൽ അയക്കേണ്ടതാണ്.

4. കവർച്ച, മോഷണം തുടങ്ങിയവമൂലം നഷ്ടപ്പെടുന്ന ഉപകരണങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR, Non-traceable certificate, Final report എന്നിവ സമർപ്പിക്കുന്നതനുസരിച്ചായിരിക്കും ഇൻഷുറൻസ് ലഭിക്കുന്നത്. ആയതിനാൽ ഈ രേഖകൾക്കായി പോലീസ് സ്റ്റേഷനുമായി സ്കൂൾ അധികൃതരുടെ നിരന്തരമായ ഫോളോഅപ്പ് അത്യന്താപേക്ഷിതമാണ്.

5. സ്കൂളിലെ ഐ.ടി. ഉപകരണങ്ങൾക്ക് നഷ്ടം സംഭവിച്ചാൽ സ്കൂൾ കോഡ്, സ്കൂൾ മേൽവിലാസം,ബന്ധപ്പെടേണ്ട സ്കൂൾ അധികൃതരുടെ മൊബൈൽ ഫോൺ നമ്പർ,സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ്, പോലീസ് സ്റ്റേഷനിൽ നിന്നുമുള്ള FIR ന്റെ പകർപ്പ് എന്നിവ ക്ലെയിം ഫോമിനൊപ്പം സ്കൂൾ അധികൃതർ ഇൻഷ്വറൻസ് കമ്പനിക്ക് 100402@uiic.co.in-ൽ മെയിൽ അയക്കേണ്ടതാണ്.

6. ഉപകരണങ്ങൾ സ്കൂൾ കാമ്പസിനുള്ളിലായിരിക്കുമ്പോൾ സംഭവിക്കുന്ന കേടുപാടുകൾക്കു മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അതിനാൽ ലാപ്ടോപ്പ് പോലെയുള്ള ഉപകരണങ്ങൾ നിലവിലുള്ള നിർദേശങ്ങളനുസരിച്ച് സ്കൂൾ അധികൃതരുടെ അനുവാദത്തോടെ കാമ്പസിനു പുറത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. തീപിടുത്തം മൂലമുള്ള നാശനഷ്ടങ്ങൾക്ക് Fire brigade report, KSEB report, FIR, Final report എന്നിവ ഹാജരാക്കേണ്ടതാണ്.

8. Insurance Company യുടെ പ്രതിനിധികൾ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് സ്കൂൾ സന്ദർശിക്കുമ്പോൾ ആവശ്യമായ സഹായങ്ങൾ നൽകേണ്ടതും ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതുമാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
ഹൈടെക് ലാബ് പദ്ധതിയിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/എല്ലാ വിദ്യാഭ്യാസ ഓഫീസർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ